കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## മേയ് 2019



### പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
തിരുവനന്തപുരം

2019

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

15-06-2019 — ഡയറക്ടർ ജനറൽ

## ആമുഖം

കാലാവസ്ഥ വ്യതിയാനം കേരളത്തിന്റെ വിപണി വിലയെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കടുത്ത വരൾച്ചയും അതുവഴി ഉണ്ടായ ഉല്പാദനക്കുറവും പയർ വർഗ്ഗങ്ങൾ ,പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയെല്ലാം രൂക്ഷമായ വിലക്കയറ്റത്തെ അഭിമുഖീകരിക്കുകയാണ്. ഇത് കേരളത്തിന്റെ മാത്രം സ്ഥിതി അല്ല മറ്റ് എല്ലാ സംസ്ഥാനങ്ങളിലും വരൾച്ചയെ തുടർന്നുള്ള ഈ വിലക്കയറ്റം അനുഭവിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ കേരളത്തെ അത് കൂടുതലായി ബാധിക്കുന്നു എന്ന് മാത്രം.അതോടൊപ്പം തന്നെ പൊതു തിരഞ്ഞെടുപ്പിന് ശേഷം ഇന്ധന വില വർദ്ധിക്കാനുള്ള ഒരു സാഹചര്യം കൂടി നില നിൽക്കുന്നു.

പ്രീ മൺസൂൺ സീസണിൽ ഇന്ത്യയിൽ മൊത്തം 25 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. കടുത്ത വരൾച്ച റാബി സീസണിലെ കാർഷിക ഉത്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്. കേരളത്തിൽ മാർച്ച് 1 മുതൽ മെയ് 31 വരെയുള്ള കാലയളവിലെ കണക്ക് പ്രകാരം മഴയുടെ അളവിൽ ഏതാണ്ട് 55 ശതമാനം കുറവ് കാണിക്കുന്നു. വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും ഈ കുറവ് ദൃശ്യമാണ്. കാർഷിക സംസ്ഥാനങ്ങളിലെ കടുത്ത വരൾച്ച കാർഷിക ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ അനുരണനങ്ങൾ മെയ് മാസത്തെ വിപണി വിലയിൽ കാര്യമായി പ്രതിഫലിച്ചിട്ടുണ്ട്. പച്ചക്കറി, പഴവർഗ്ഗങ്ങൾ ,പയർവർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഈ കാലയളവിൽ രേഖപ്പെടുത്തി. ജൂൺ മുതൽ സപ്തംബർ വരെയുള്ള ഖാരിഫ് സീസണിൽ മൺസൂൺ മഴ ചതിക്കില്ല എന്ന പ്രതീക്ഷയിലാണ് കർഷകരും വിപണിയും.

ബംഗ്ലാദേശിലേക്ക് ഇറക്കുമതി ചെയ്യുന്ന അരിക്ക് ഇറക്കുമതി തീരുവ ഏർപ്പെടുത്തിയത് പശ്ചിമ ബംഗാളിൽ നിന്നും ബംഗ്ലാദേശിലേക്കുള്ള അരി കയറ്റുമതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇത് ആഭ്യന്തര വിപണിയിൽ എത്തുന്നതോടെ വിപണിയിൽ അരിയുടെ വിലക്കുറവിനു കാരണമാവാം.

റാബി സീസണിൽ നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ കുറവ് കാണിക്കുന്നുണ്ട്. അമേരിക്കൻ കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം 2019-20 സീസണിൽ, പ്രധാനപ്പെട്ട നെല്ല് ഉത്പാദക രാജ്യങ്ങളായ ചൈന ,ഇന്ത്യ എന്നിവിടങ്ങളിൽ നെല്ലിന്റെ ഉല്പാദനത്തിൽ കുറവുണ്ടാവുമെന്നു സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഒരു മില്യൺ ടണ്ണിന്റെ കുറവാണു റിപ്പോർട്ട് പ്രവചിക്കുന്നത് അതേ സമയം തായ്‌ലൻഡ്,വിയറ്റ്നാം,ബംഗ്ലാദേശ്,ഇന്തോനേഷ്യ എന്നിവിടങ്ങളിൽ ഉത്പാദനം വർധിക്കുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. ലോകത്തെ അരി ഉപഭോഗത്തിൽ 4.1 മില്യൺ ടണ്ണിന്റെ വർദ്ധനവ് 2019 -20 സീസണിൽ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

എഫ് സി ഐ യുടെ മെയ് അവസാന ആഴ്ച്ചയിലെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ മൊത്തം 621.22 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ചത് പഞ്ചാബിൽ നിന്നാണ് 166 .64 ലക്ഷം മെട്രിക് ടൺ. കേരളത്തിൽ നിന്നും 6.87 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ വഴി ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. സെൻട്രൽ പൂളിൽ 290.56 ലക്ഷം മെട്രിക് ടൺ അരി നീക്കിയിരിപ്പുണ്ട്

ജൂൺ ആദ്യ വാരത്തോടെ കേരളത്തിൽ തെക്കു പടിഞ്ഞാറൻ കാലവർഷം എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാർഷിക പുരോഗതിക്ക് അനുഗുണമായ രീതിയിൽ നല്ലൊരു കാലവർഷം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കർഷകരും പൊതു വിപണിയും.

## I. ധാന്യങ്ങൾ

കേരളത്തിൽ മാസങ്ങളായി അരിയുടെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിൽക്കുകയാണ്.കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഏതാണ്ട് പത്തു ശതമാനത്തോളം വിലക്കുറവ് മിക്ക ഇനങ്ങളിലും കാണുന്നുണ്ട്.അവലോകനമാസമായ മെയ്-ൽ വിപണി വില സ്ഥിരമായി നിലകൊണ്ടു. അരിയുടെ വിലയെ വരൾച്ച കാര്യമായി ബാധിച്ചിട്ടില്ല.ആവശ്യത്തിന് അരിയുടെ നീക്കിയിരുപ്പ് വിപണിയിലും സർക്കാർ തലത്തിലും ഉള്ളതിനാൽ കാര്യമായ വിലക്കയറ്റത്തിന് സാധ്യത കാണുന്നില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദനവും റെക്കോർഡ് നെല്ല് സംഭരണവും നടന്നൊരു കാലഘട്ടമാണ് നിലവിലുള്ളത്. സപ്ലൈകോയുടെ മെയ് അവസാന ആഴ്ചയിലെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ നിന്നും 6 .87 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ വഴി ഇതുവരെയായി സംഭരിച്ചിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.41** | **37.20** | **37.46** | **0.70** | **-9.54** |
| 2 | ചമ്പ | കിലോഗ്രാം | **44.00** | **41.00** | **40.20** | **-1.95** | **-8.64** |
| 3 | റോസ് | കിലോഗ്രാം | **41.25** | **38.05** | **38.27** | **0.58** | **-7.22** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **36.76** | **36.17** | **36.64** | **1.30** | **-0.33** |
| 5 | ജയ | കിലോഗ്രാം | **38.34** | **35.63** | **35.79** | **0.47** | **-6.66** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.15** | **34.98** | **34.63** | **-1.00** | **7.70** |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങൾക്ക് പൊതുവെ കഴിഞ്ഞ മാസങ്ങളിലേതുപോലെതന്നെ ഒരു വിലക്കയറ്റ പ്രവണത അവലോകന മാസത്തിലും ദൃശ്യമായിരുന്നു. വരൾച്ചയും റാബി സീസണിലെ കാർഷികോല്പാദനത്തിലെ കുറവും വിലക്കയറ്റത്തിൽ പ്രതിഫലിച്ചു ഏതാണ്ട് എല്ലാ ഇനം പയർ വർഗ്ഗങ്ങളുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു വരും മാസത്തിലും കാര്യമായ ഒരു വിലക്കുറവിന് സാധ്യത കാണുന്നില്ല,പ്രത്യേകിച്ച് തുവരപ്പരിപ്പ് ,ചെറുപയർ ,ഉഴുന്ന് എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യതയാണ് നിലനിൽക്കുന്നത്. പ്രി മൺസൂൺ സീസണിലെ മഴക്കുറവ് വിലയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

വിലക്കയറ്റം കാരണം പയർ വർഗ്ഗങ്ങളുടെ ഇറക്കുമതി ക്വാട്ട വർദ്ധിപ്പിക്കാനുള്ള സാധ്യത ഉണ്ടെന്നു വിപണി വൃത്തങ്ങൾ സൂചിപ്പിച്ചു. നാഫെഡിന്റെ മെയ് 31 ലെ കണക്കനുസരിച് റാബി സീസണിൽ 691000 ടൺ കടല ,50000 ടൺ മസൂർ പരിപ്പ് ,16000 ടൺ ചെറുപയർ 14000 ടൺ ഉഴുന്ന് എന്നിങ്ങനെയാണ് സംഭരണനില. പല സ്ഥലങ്ങളിലും ഏപ്രിൽ മധ്യത്തോടെയും മെയ് -ലുമാണ് സംഭരണം ആരംഭിച്ചത്.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 88.82 | 89.13 | 91.43 | 2.58 | 2.94 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.84 | 91.70 | 93.97 | 2.48 | 4.60 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 85.58 | 90.55 | 93.08 | 2.79 | 8.76 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 80.61 | 86.93 | 88.96 | 2.34 | 10.36 |
| 5 | വൻപയർ | കിലോഗ്രാം | 69.55 | 70.25 | 71.00 | 1.07 | 2.08 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 82.61 | 91.59 | 95.39 | 4.15 | 15.47 |
| 7 | കടല(വലുത്) | കിലോഗ്രാം | 72.89 | 76.00 | 76.67 | 0.88 | 5.19 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 62.97 | 71.81 | 71.95 | 0.19 | 14.26 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 44.65 | 66.63 | 67.45 | 1.23 | 51.06 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 69.85 | 72.23 | 72.12 | -0.15 | 3.26 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ മെയ് -ൽ ഇറച്ചിക്കോഴി, കോഴിമുട്ട ,എന്നിവയുടെ വിലയിൽ വിലക്കയറ്റം തുടർന്നു എന്നാൽ മാസാവസാനം ഇവയുടെ വിലയിൽ ചെറിയൊരു കുറവ് ദൃശ്യമായി. പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ വരും മാസത്തിലും ഇവയുടെ വിലയിൽ കാര്യമായ ഒരു കുറവിനുള്ള സാധ്യത കാണുന്നില്ല. വരൾച്ചയും കോഴിത്തീറ്റയുടെ വില വർദ്ധനവുമാണ് ഇറച്ചിക്കോഴിയുടെ വിലക്കയറ്റത്തിന് കാരണമെന്നു വ്യാപാരികൾ അറിയിച്ചു. സപ്തംബർ മാസത്തോടെ കേരള ചിക്കൻ പദ്ധതി നടപ്പാവുന്നതോടെ വില നിയന്ത്രിച്ചു നിർത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പഞ്ചസാരയുടെ വില കഴിഞ്ഞ മാസത്തെ ചെറിയ വിലക്കയറ്റത്തിന് ശേഷം ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു. ജൂണിലും സ്ഥിരത നിലനിർത്താനാണ് സാധ്യത

കോഴിമുട്ടയുടെ വിലയിൽ ജൂൺ മാസത്തിലും കാര്യമായ ഒരു കുറവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും കോഴിമുട്ടയുടെ വിലയിൽ മെയ് അവസാനത്തിൽ ഒരു വിലക്കയറ്റ പ്രവണത ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 33.87 | 37.79 | 38.07 | 0.74 | 12.40 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 150.77 | 154.71 | 153.75 | -0.62 | 1.98 |
| 3 | ശർക്കര | കിലോഗ്രാം | 52.57 | 53.20 | 52.57 | -1.18 | 0.00 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.86 | 49.67 | 54.56 | 9.84 | 5.21 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 531.43 | 562.14 | 568.14 | 1.07 | 6.91 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 132.67 | 116.36 | 123.66 | 6.27 | -6.79 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.18 | 147.50 | 147.50 | 0.00 | -0.46 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 161.62 | 161.62 | 0.00 | 0.00 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ മെയ്-ൽ വെളിച്ചണ്ണയുടെയും തേങ്ങയുടെയും വിലയിൽ തുടർച്ചയായ കുറവ് ദൃശ്യമാണ്. ആഗോള തലത്തിൽ തന്നെ കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ഡിമാന്റിൽ കുറവുണ്ടായതായാണ് കഴിഞ്ഞ ഏതാനും മാസങ്ങളായുള്ള വിലക്കുറവിനു കാരണമായി പറയപ്പെടുന്നത്.ഇതിനെ തരണം ചെയ്യുന്നതിന് നാളികേര ഉത്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിലേക്ക് ശ്രദ്ധയൂന്നുകയാണ് വിവിധ രാജ്യങ്ങൾ കേരളത്തിൽ നാളികേര വികസന ബോർഡും ഇതിനുള്ള ശ്രമത്തിലാണ്. എന്നാൽ സമീപ ഭാവിയിൽ തന്നെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വില വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. ബാക്കി എല്ലാ എണ്ണ ഇനങ്ങളുടെ വിലയും ഏതാണ്ട് സ്ഥിരത നിലനിർത്തുന്നതാണ് അവലോകന മാസത്തിൽ ദൃശ്യമായത് .

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 215.38 | 185.16 | 177.66 | -4.05 | -17.51 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.75 | 157.00 | 157.40 | 0.25 | 8.74 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 93.00 | 97.75 | 97.90 | 0.15 | 5.27 |
| 4 | നല്ലെണ്ണ | ലിററർ | 159.45 | 222.86 | 222.43 | -0.19 | 39.50 |
| 5 | കടുക് എണ്ണ | ലിററർ | 137.40 | 140.50 | 140.00 | -0.36 | 1.89 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 95.18 | 100.57 | 100.21 | -0.36 | 5.28 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 92.85 | 97.15 | 96.82 | -0.34 | 4.28 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 221.25 | 177.80 | 166.33 | -6.45 | -24.82 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

പൊതുവെ അവലോകനമാസത്തിൽ സുഗന്ധവ്യഞ്ജനങ്ങളുടെ വിലയിൽ വർദ്ധനവ് ദൃശ്യമാണ്.

കടുത്ത വരൾച്ചയെ തുടർന്നുള്ള ഉല്പാദന കുറവിനെ തുടർന്ന് ഉള്ളിവിലയിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തി .ഇത് ജൂൺ മാസത്തിലും തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉള്ളി ഉല്പാദിപ്പിക്കുന്ന സംസ്ഥാനമായ മഹാരാഷ്ട്രയിൽ അതി രൂക്ഷമായ വരൾച്ചയാണ് നിലനിൽക്കുന്നത്.മാത്രമല്ല റബി സീസണിൽ ഏതാണ്ട് ഇരുപത് ശതമാനത്തോളം ഉള്ളി കൃഷിയുടെ കാർഷിക വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ ആഗസ്ത് മാസത്തോടെ ഉള്ളി വിലയിൽ വീണ്ടും വലിയൊരു വർദ്ധനവിനുള്ള സാധ്യത നിലനിൽക്കുന്നതായി കാണുന്നു.

മുളകിന്റെ വിലയിലും ചെറിയൊരു വർദ്ധനവ് തുടർന്നു. ഡിമാന്റ് വർദ്ധിച്ചതിനെ തുടർന്നാണ് വിലയിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നത് ആന്ധ്ര പ്രദേശിലെ ഗുണ്ടൂർ മാർക്കറ്റിൽ അവധി ക്യാൻസൽ ചെയ്തുകൊണ്ട് വ്യാപാരം പുനരാരംഭിച്ചിരിക്കുകയാണ്.ജൂൺ അവസാനത്തോടെ മുളകിന്റെ വിലയിൽ സ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. വെളുത്തുള്ളിയുടെ വിലയിലും അവലോകനമാസത്തെ വർദ്ധനവ് ജൂണിലും തുടരാൻ ഇടയുണ്ടെന്നാണ് സൂചന

കുരുമുളക് വിപണിയിൽ മാസങ്ങൾക്ക് ശേഷം വർദ്ധനവ് ദൃശ്യമായി എന്നാൽ വിയറ്റ്നാമിൽ കുരുമുളക് ഉത്പാദനം കഴിഞ്ഞിരിക്കെ അവിടെനിന്നുള്ള കുരുമുളക് ഇന്ത്യൻ വിപണിയിൽ എത്തിയാൽ വീണ്ടും വില കുറയുവാൻ ഇടയുണ്ട്.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 85.05 | 95.25 | 100.36 | 5.36 | 18.00 |
| 2 | മുളക് | കിലോഗ്രാം | 123.89 | 124.86 | 127.77 | 2.33 | 3.13 |
| 3 | ഉള്ളി | കിലോഗ്രാം | 37.41 | 38.29 | 51.50 | 34.50 | 37.66 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 160.89 | 146.07 | 145.20 | -0.60 | -9.75 |
| 5 | ജീരകം | 100 ഗ്രാം | 29.29 | 30.07 | 30.09 | 0.07 | 2.73 |
| 6 | കടുക് | 100 ഗ്രാം | 8.86 | 9.18 | 9.16 | -0.22 | 3.39 |
| 7 | ഉലുവ | 100 ഗ്രാം | 9.23 | 9.55 | 9.60 | 0.52 | 4.01 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.29 | 18.89 | 18.95 | 0.32 | 3.61 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.41 | 9.02 | 11.14 | 23.50 | 50.34 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 468.46 | 411.92 | 422.11 | 2.47 | -9.89 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ മെയ്-ൽ കിഴങ്ങു വർഗ്ഗങ്ങളിൽ ബീറ്റ്റൂട്ട് ഒഴികെയുള്ള എല്ലാ ഇനങ്ങളിലും ചെറിയ തോതിലുള്ള വിലക്കയറ്റം ദൃശ്യമായിരുന്നു മാസാവസാനം കാരറ്റ് ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവിനുള്ള പ്രവണത ദൃശ്യമായിരുന്നു.എന്നാൽ ജൂൺ മാസത്തിൽ കാര്യമായ ഒരു വിലക്കുറവിനുള്ള സാധ്യത കാണുന്നില്ല പ്രതികൂല കാലാവസ്ഥ കാരണം ഉല്പ്പാദനത്തിലുണ്ടായ കുറവ് പച്ചക്കറി ,പഴ വർഗ്ഗങ്ങൾ പോലെ തന്നെ കിഴങ്ങു വർഗ്ഗങ്ങളുടെ ഉൽപാദത്തെയും ബാധിച്ചിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. തമിഴ്നാട് ,കർണാടകം സംസ്ഥാനങ്ങളിലും വിലക്കയറ്റം രൂക്ഷമാണെന്നാണ് അവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ട്.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.84 | 30.68 | 31.03 | 1.14 | -15.77 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.59 | 26.87 | 27.82 | 3.54 | 28.86 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 31.09 | 28.38 | 28.64 | 0.92 | -7.88 |
| 4 | ചേമ്പ് | കിലോഗ്രാം | 56.32 | 64.29 | 67.34 | 4.74 | 19.57 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 31.29 | 39.89 | 38.93 | -2.41 | 24.42 |
| 6 | കാരററ് | കിലോഗ്രാം | 35.29 | 53.71 | 57.50 | 7.06 | 62.94 |



## VII. പച്ചക്കറി ഇനങ്ങൾ

കാലാവസ്ഥ വ്യതിയാനം കാരണം ഉത്പാദനം കുറഞ്ഞതിനെ തുടർന്ന് അവലോകനമാസമായ മെയ്-ൽ പ്രധാന പച്ചക്കറി ഇനങ്ങൾക്കെല്ലാം വില വർദ്ധനവ് അനുഭവപ്പെട്ടു.കേരളത്തിൽ പ്രധാനമായും തമിഴ്നാട് കർണാടക സംസ്ഥാനങ്ങളിൽ നിന്നാണ് പച്ചക്കറികൾ വില്പനയ്ക്ക് എത്തുന്നത്. എന്നാൽ പ്രതികൂല കാലാവസ്ഥ കാരണം ഇവിടങ്ങളിൽ പച്ചക്കറികളുടെ ഉത്പാദനം ഗണ്യമായി കുറഞ്ഞിരിക്കുന്നു എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്.തമിഴ്നാട്ടിലും കർണാടകയിലും പച്ചക്കറികളുടെ വില കാര്യമായി വർദ്ധിച്ചിട്ടുണ്ട്.ബീൻസ്,തക്കാളി,സവാള,പച്ചമുളക്,നേന്ത്രക്കായ എന്നിവയുടെ വിലയാണ് കാര്യമായി കാര്യമായി വ്യത്യാസം രേഖപ്പെടുത്തിയത്.. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു 126 ശതമാനം വർദ്ധനവാണ് തക്കാളിയുടെ വിലയിൽ ഉണ്ടായിരിക്കുന്നത്. മിക്കവാറും ജില്ലകളിലും ബീൻസ് കിലോഗ്രാമിന് നൂറു രൂപയിലധികം എത്തിയിട്ടുണ്ട്. വിലവർദ്ധനവ് കാരണം പച്ചക്കറികളുടെ വിൽപ്പനയിലും കാര്യമായ കുറവുണ്ടായതായാണ് വ്യാപാരികൾ നൽകുന്ന വിവരം. ജൂണിലും പച്ചക്കറികളുടെ വിലയിൽ കാര്യമായി വില കുറയാൻ സാധ്യത ഇല്ലെന്നാണ് വിപണിയിൽ ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 17.73 | 17.64 | 20.17 | 14.34 | 13.76 |
| 2 | വഴുതന | കിലോഗ്രാം | 30.89 | 33.75 | 32.16 | -4.71 | 4.11 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.02 | 28.46 | 28.14 | -1.12 | 56.16 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.05 | 23.16 | 20.74 | -10.45 | 3.44 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.07 | 39.50 | 34.07 | -13.75 | 13.30 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 62.48 | 92.48 | 86.90 | -6.03 | 39.08 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.59 | 62.20 | 52.23 | -16.03 | -0.68 |
| 8 | കാബേജ് | കിലോഗ്രാം | 23.91 | 35.16 | 35.07 | -0.26 | 46.68 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.70 | 55.96 | 56.33 | 0.66 | 26.02 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 20.95 | 24.96 | 22.19 | -11.10 | 5.92 |
| 11 | പടവലങ്ങ | കിലോഗ്രാം | 31.48 | 41.07 | 37.70 | -8.21 | 19.76 |
| 12 | തക്കാളി | കിലോഗ്രാം | 20.36 | 34.16 | 46.04 | 34.78 | 126.13 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.12 | 6.33 | 6.74 | 6.48 | 63.59 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.30 | 35.61 | 49.04 | 37.71 | -2.50 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 36.21 | 31.18 | 31.39 | 0.67 | -13.31 |



## VIII. പഴവർഗ്ഗങ്ങൾ

പച്ചക്കറിയുടെ വില പോലെത്തന്നെ പഴവർഗ്ഗങ്ങളുടെ വിലയിലും അവലോകനമാസമായ മെയ്-ൽ വിലക്കയറ്റം രൂക്ഷമായിരുന്നു.ഉത്പാദക സംസ്ഥാനങ്ങളെല്ലാം രൂക്ഷമായ വരൾച്ച നേരിടുകയാണ്.മാങ്ങ ഒഴികെയുള്ള ഏതാണ്ട് എല്ലാ ഇനം പഴവർഗ്ഗങ്ങൾക്കും രൂക്ഷമായ വിലക്കയറ്റം ദൃശ്യമായി.ഏത്തപ്പഴം, മുന്തിരി ,ആപ്പിൾ ,വാഴപ്പഴം എന്നിവയുടെ വിലയിൽ കാര്യമായ വിലക്കയറ്റം ദൃശ്യമായി.ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ ഉല്പാദനക്കുറവും അതോടൊപ്പം റമദാൻ മാസത്തോട് അനുബന്ധിച്ചു കൂട്ടിയ ഉപഭോഗവും കാരണമാണ് പഴവർഗ്ഗങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന് കാരണമായി വിപണി വൃത്തങ്ങൾ നൽകുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **99.08** | **78.07** | **100.28** | **28.46** | **1.21** |
| 2 | മുസമ്പി | കിലോഗ്രാം | **76.44** | **66.92** | **69.31** | **3.56** | **-9.33** |
| 3 | മാതളം | കിലോഗ്രാം | **135.42** | **96.35** | **96.58** | **0.24** | **-28.68** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **146.67** | **160.00** | **168.33** | **5.21** | **14.77** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **56.02** | **41.95** | **58.45** | **39.34** | **4.34** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **36.70** | **31.32** | **32.76** | **4.58** | **-10.73** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **44.11** | **46.61** | **49.76** | **6.76** | **12.81** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **47.60** | **46.41** | **47.40** | **2.14** | **-0.43** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **29.63** | **27.17** | **28.34** | **4.29** | **-4.34** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **71.67** | **74.58** | **69.00** | **-7.49** | **-3.72** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **21.09** | **23.02** | **22.97** | **-0.20** | **8.92** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **79.78** | **67.21** | **69.73** | **3.75** | **-12.59** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **72.63** | **67.95** | **88.13** | **29.68** | **21.34** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ മെയ്-ൽ സ്റ്റീലിന്റെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിർത്തി എന്നാൽ സിമന്റിന്റെ വിലയിൽ മാസാരംഭത്തിൽ ഒരു വർദ്ധനവിനുള്ള പ്രവണത ശ്രദ്ധയില്പെട്ടെങ്കിലും അവസാന ആഴ്ചയിൽ വിലയിൽ ഒരല്പം കുറവുണ്ടായി. ഫെബ്രുവയിലെ വില വർദ്ധനവിന് ശേഷം സിമന്റ് വിലയിൽ നേരിയൊരു കുറവുണ്ടായെങ്കിൽ കാര്യമായ കുറവുണ്ടായില്ല.ഇപ്പോഴും വില ഏകദേശം 400 -410 രൂപ റേഞ്ചിൽ നിൽക്കുകയാണ്

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.02** | **20.00** | **20.00** | **0.00** | **-0.10** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.91** | **29.50** | **29.60** | **0.34** | **6.06** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **515.71** | **495.00** | **495.00** | **0.00** | **-4.02** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **377.34** | **403.81** | **403.14** | **-0.17** | **6.84** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **372.34** | **398.57** | **397.43** | **-0.29** | **6.74** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **55.81** | **54.28** | **54.15** | **-0.24** | **-2.97** |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.41 | 37.20 | 37.46 | 0.70 | -9.54 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 41.00 | 40.20 | -1.95 | -8.64 |
| 3 | റോസ് | കിലോഗ്രാം | 41.25 | 38.05 | 38.27 | 0.58 | -7.22 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.76 | 36.17 | 36.64 | 1.30 | -0.33 |
| 5 | ജയ | കിലോഗ്രാം | 38.34 | 35.63 | 35.79 | 0.47 | -6.66 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.15 | 34.98 | 34.63 | -1.00 | 7.70 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 88.82 | 89.13 | 91.43 | 2.58 | 2.94 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.84 | 91.70 | 93.97 | 2.48 | 4.60 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 85.58 | 90.55 | 93.08 | 2.79 | 8.76 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 80.61 | 86.93 | 88.96 | 2.34 | 10.36 |
| 5 | വൻപയർ | കിലോഗ്രാം | 69.55 | 70.25 | 71.00 | 1.07 | 2.08 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 82.61 | 91.59 | 95.39 | 4.15 | 15.47 |
| 7 | കടല(വലുത്) | കിലോഗ്രാം | 72.89 | 76.00 | 76.67 | 0.88 | 5.19 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 62.97 | 71.81 | 71.95 | 0.19 | 14.26 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 44.65 | 66.63 | 67.45 | 1.23 | 51.06 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 69.85 | 72.23 | 72.12 | -0.15 | 3.26 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 33.87 | 37.79 | 38.07 | 0.74 | 12.40 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 150.77 | 154.71 | 153.75 | -0.62 | 1.98 |
| 3 | ശർക്കര | കിലോഗ്രാം | 52.57 | 53.20 | 52.57 | -1.18 | 0.00 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.86 | 49.67 | 54.56 | 9.84 | 5.21 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 531.43 | 562.14 | 568.14 | 1.07 | 6.91 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 132.67 | 116.36 | 123.66 | 6.27 | -6.79 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.18 | 147.50 | 147.50 | 0.00 | -0.46 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 161.62 | 161.62 | 0.00 | 0.00 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 215.38 | 185.16 | 177.66 | -4.05 | -17.51 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.75 | 157.00 | 157.40 | 0.25 | 8.74 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 93.00 | 97.75 | 97.90 | 0.15 | 5.27 |
| 4 | നല്ലെണ്ണ | ലിററർ | 159.45 | 222.86 | 222.43 | -0.19 | 39.50 |
| 5 | കടുക് എണ്ണ | ലിററർ | 137.40 | 140.50 | 140.00 | -0.36 | 1.89 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 95.18 | 100.57 | 100.21 | -0.36 | 5.28 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 92.85 | 97.15 | 96.82 | -0.34 | 4.28 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 221.25 | 177.80 | 166.33 | -6.45 | -24.82 |

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 85.05 | 95.25 | 100.36 | 5.36 | 18.00 |
| 2 | മുളക് | കിലോഗ്രാം | 123.89 | 124.86 | 127.77 | 2.33 | 3.13 |
| 3 | ഉള്ളി | കിലോഗ്രാം | 37.41 | 38.29 | 51.50 | 34.50 | 37.66 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 160.89 | 146.07 | 145.20 | -0.60 | -9.75 |
| 5 | ജീരകം | 100 ഗ്രാം | 29.29 | 30.07 | 30.09 | 0.07 | 2.73 |
| 6 | കടുക് | 100 ഗ്രാം | 8.86 | 9.18 | 9.16 | -0.22 | 3.39 |
| 7 | ഉലുവ | 100 ഗ്രാം | 9.23 | 9.55 | 9.60 | 0.52 | 4.01 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.29 | 18.89 | 18.95 | 0.32 | 3.61 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.41 | 9.02 | 11.14 | 23.50 | 50.34 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 468.46 | 411.92 | 422.11 | 2.47 | -9.89 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 36.84 | 30.68 | 31.03 | 1.14 | -15.77 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.59 | 26.87 | 27.82 | 3.54 | 28.86 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 31.09 | 28.38 | 28.64 | 0.92 | -7.88 |
| 4 | ചേമ്പ് | കിലോഗ്രാം | 56.32 | 64.29 | 67.34 | 4.74 | 19.57 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 31.29 | 39.89 | 38.93 | -2.41 | 24.42 |
| 6 | കാരററ് | കിലോഗ്രാം | 35.29 | 53.71 | 57.50 | 7.06 | 62.94 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 17.73 | 17.64 | 20.17 | 14.34 | 13.76 |
| 2 | വഴുതന | കിലോഗ്രാം | 30.89 | 33.75 | 32.16 | -4.71 | 4.11 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.02 | 28.46 | 28.14 | -1.12 | 56.16 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.05 | 23.16 | 20.74 | -10.45 | 3.44 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.07 | 39.50 | 34.07 | -13.75 | 13.30 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 62.48 | 92.48 | 86.90 | -6.03 | 39.08 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.59 | 62.20 | 52.23 | -16.03 | -0.68 |
| 8 | കാബേജ് | കിലോഗ്രാം | 23.91 | 35.16 | 35.07 | -0.26 | 46.68 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.70 | 55.96 | 56.33 | 0.66 | 26.02 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 20.95 | 24.96 | 22.19 | -11.10 | 5.92 |
| 11 | പടവലങ്ങ | കിലോഗ്രാം | 31.48 | 41.07 | 37.70 | -8.21 | 19.76 |
| 12 | തക്കാളി | കിലോഗ്രാം | 20.36 | 34.16 | 46.04 | 34.78 | 126.13 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.12 | 6.33 | 6.74 | 6.48 | 63.59 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 50.30 | 35.61 | 49.04 | 37.71 | -2.50 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 36.21 | 31.18 | 31.39 | 0.67 | -13.31 |

| നം | ഇനങ്ങൾ | അളവ് | മെയ് 2018 | ഏപ്രിൽ 2019 | മെയ് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 99.08 | 78.07 | 100.28 | 28.46 | 1.21 |
| 2 | മുസമ്പി | കിലോഗ്രാം | 76.44 | 66.92 | 69.31 | 3.56 | -9.33 |
| 3 | മാതളം | കിലോഗ്രാം | 135.42 | 96.35 | 96.58 | 0.24 | -28.68 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 146.67 | 160.00 | 168.33 | 5.21 | 14.77 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 56.02 | 41.95 | 58.45 | 39.34 | 4.34 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.70 | 31.32 | 32.76 | 4.58 | -10.73 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 44.11 | 46.61 | 49.76 | 6.76 | 12.81 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.60 | 46.41 | 47.40 | 2.14 | -0.43 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 29.63 | 27.17 | 28.34 | 4.29 | -4.34 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 71.67 | 74.58 | 69.00 | -7.49 | -3.72 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 21.09 | 23.02 | 22.97 | -0.20 | 8.92 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 79.78 | 67.21 | 69.73 | 3.75 | -12.59 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 72.63 | 67.95 | 88.13 | 29.68 | 21.34 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.02 | 20.00 | 20.00 | 0.00 | -0.10 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.91 | 29.50 | 29.60 | 0.34 | 6.06 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 515.71 | 495.00 | 495.00 | 0.00 | -4.02 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 377.34 | 403.81 | 403.14 | -0.17 | 6.84 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 372.34 | 398.57 | 397.43 | -0.29 | 6.74 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.81 | 54.28 | 54.15 | -0.24 | -2.97 |